**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** | **19-09-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽരഹിത വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് നിലവിൽ തൊഴിൽരഹിത വേതനം നൽകുന്നുണ്ട് ; ഈ ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നത് ; വിശദവിവരങ്ങൾ നൽകാമോ; | (ബി) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖേന സംസ്ഥാനത്താകെ 286 പേർക്ക് തൊഴിൽരഹിത വേതനം നൽകിവരുന്നുണ്ട്.<br><br>നിലവിൽ ആറു മാസത്തിൽ ഒരിക്കലാണ് തൊഴിൽരഹിത വേതനം വിതരണം നടത്തുന്നത്. 2025 ജനുവരി മുതൽ ജൂൺ വരെയുള്ള ആറു മാസക്കാലത്തെ വേതനം **2,01,120/- രൂപ (രണ്ട് ലക്ഷത്തി ആയിരത്തി ഒരുനൂറ്റി ഇരുപത് രൂപ മാത്രം)** വിതരണം ചെയ്തിട്ടുണ്ട്. പ്രതിമാസം **34,320/- രൂപ (മുപ്പത്തി നാലായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം)** യാണ് ഈ ഇനത്തിൽ ചെലവഴിക്കുന്നത്. |
| (സി) | തൊഴിൽരഹിത വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | പരഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വിദ്യാഭ്യാസ യോഗ്യത | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| എസ്.എസ്.എൽ.സി. യ്ക്ക് താഴെയുള്ളവർ | 141860 |
| എസ്.എസ്.എൽ.സി. | 1992149 |
| പി.ഡി.സി /എച്ച്.എസ്.സി. | 1126964 |
| ബിരുദ ധാരികൾ | 440195 |
| ബിരുദാനന്തര ബിരുദധാരികൾ | 100618 |
| ഡിപ്ലോമ (എഞ്ചിനീയറിംഗ്) | 30933 |
| ഐ.ടി.ഐ. | 75015 |
| എഞ്ചിനീയറിംഗ് | 26932 |
| മെഡിസിൻ അലോപ്പതി | 1672 |
| ആയുർവ്വേദ | 2908 |
| സിദ്ധ | 77 |
| യുനാനി | 9 |
| ഹോമിയോ | 1482 |
| ബി.ഡി.എസ്. | 1088 |
| അഗ്രിക്കൾച്ചർ | 1333 |
| വെറ്റിനറി | 940 |
| നിയമബിരുദധാരികൾ | 562 |
| എം.സി.എ. | 2202 |
| എം.ബി.എ. | 4551 |
| ബാച്ചിലർ ഓഫ് ആർക്കിടെക്ചർ | 280 |

Kavitha.I

**സെക്ഷൻ ഓഫീസർ**